**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42** | **08-10-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് വ്യവസായ നഗരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എ. കെ. എം. അഷ്റഫ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് വ്യവസായ നഗരം നിർമ്മിക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനപ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലായി 1,710 ഏക്കർ വ്യാപിച്ചുകിടക്കുന്ന കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായ പാലക്കാട് സ്മാർട്ട് സിറ്റി പദ്ധതിക്കായി 1450 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്. ബാക്കി ഏറ്റെടുക്കുന്നതിനുള്ള ഭൂമി വിലയും കൈമാറിയിട്ടുള്ളതാണ്. നടപടി ക്രമങ്ങൾ പൂർത്തിയാക്കി ബാക്കി ഭൂമി ഏറ്റെടുക്കുന്നത് ഡിസംബറോടെ പൂർത്തിയാകുന്നതാണ്.<br><br>പാലക്കാട് സംയോജിത മാനുഫാക്ചറിംഗ് ക്ലസ്റ്ററിനായുള്ള ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട് കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭമായ ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (ഐ.എം.സി)-ന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി 2026 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>വാട്ടർ ട്രാൻസ്മിഷൻ നെറ്റ്വർക്ക്, വാട്ടർ ഡിസ്ട്രിബ്യൂഷൻ നെറ്റ്വർക്ക്, റീസൈക്കിൾഡ് വാട്ടർ നെറ്റ്വർക്ക്, ഡ്രൈനേജ് നെറ്റ്വർക്ക്, ഇന്റേണൽ റോഡ്സ്, ഇഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ സപ്ലൈ നെറ്റ്വർക്ക് എന്നിവ ഉൾപ്പെടെ 1710 ഏക്കർ ഡെവലപ്പ് ചെയ്യാൻ ആയിട്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.<br><br>പാലക്കാട് ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റിക്ക് 2024 ആഗസ്റ്റ് 28-ന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം ലഭിക്കുകയും ആയതിന്റെ ഔദ്യോഗിക ഉത്തരവ് സർക്കാരിന് ലഭിക്കുകയും ചെയ്തു. ഇതേത്തുടർന്ന് എൻ.ഐ.സി.ഡി.സി.യും കേരള സർക്കാരും |

| | | | |
|---|---|---|---|
| | | | തമ്മിലുള്ള ഏകോപനത്തിനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചു.<br><br>നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെൻറേഷൻ ട്രസ്റ്റും (NICDIT), കേരള സർക്കാരും 50:50 ഇക്വിറ്റി പങ്കാളിത്തത്തോടെ "The Kerala Industrial Corridor Development Corporation Limited" (KICDC) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചു.കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി (കെ.ബി.ഐ.സി) നടപ്പാക്കുന്നതിനുള്ള എല്ലാ ഭാവി പ്രവർത്തനങ്ങളും ഈ സ്ഥാപനം ഏകോപിപ്പിക്കുന്നതാണ്<br><br>എൻ.ഐ.സി.ഡി.സി-യുടെ ഫണ്ട് അലോക്കേഷന്റെ അടിസ്ഥാനത്തിൽ ഭൂമി ഗവൺമെന്റ് ഓഫ് കേരള ഇക്വിറ്റിയായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി)-ക്ക് കൈമാറുന്നതാണ്. ഫണ്ട് അലോക്കേഷൻ ഘട്ടം ഘട്ടമായാണെങ്കിൽ, ആയതനുസരിച്ച് പദ്ധതിയും ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതാണ്. മേൽ പദ്ധതി ആരംഭിക്കുന്നതിനുള്ള എല്ലാ അടിസ്ഥാന പ്രവർത്തനങ്ങളും സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | ഈ വ്യവസായ നഗരത്തിൽ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | (ബി) | ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (ഐ.എം.സി) പദ്ധതിയിൽ ഫാർമസ്യൂട്ടിക്കൽസ്, മെഡിസിനൽ കെമിക്കൽസ്, ബൊട്ടാണിക്കൽ ഉൽപ്പന്നങ്ങൾ, ടെക്സ്റ്റൈൽസ് & അപ്പാരൽസ്, ഫുഡ് & ബീവറേജ്, നോൺ-മെറ്റാലിക് മിനറൽ ഉൽപ്പന്നങ്ങൾ, റബ്ബർ & പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, ഹൈടെക് വ്യവസായം, ഫാബ്രിക്കേറ്റഡ് മെറ്റൽ & മെഷിനറി എന്നീ വ്യവസായ മേഖലകളിലൂടെ ഏകദേശം 10,000 കോടി രൂപയുടെ നിക്ഷേപ സാധ്യതയാണ് പ്രതീക്ഷിക്കുന്നത്.<br><br>പാലക്കാട് ജില്ലയിലെ പുതുശ്ശേരി സെൻട്രലിൽ ആകെ 1137 ഏക്കറിൽ 672.7 ഏക്കർ ഭൂമി (59.16%) ചുവടെ പറയുന്ന വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കും. ഇതിൽ 420 ഏക്കർ ഫാർമസ്യൂട്ടിക്കൽ ഉൽപ്പാദനത്തിനും, 96.5 ഏക്കർ ഹൈടെക് വ്യവസായങ്ങൾക്കും, 42.3 ഏക്കർ നോൺ-മെറ്റാലിക് മിനറൽ ഉൽപന്നങ്ങൾക്കും, 54.3 ഏക്കർ ടെക്സ്റ്റൈൽസ് & അപ്പാരൽസിനും, 59.6 ഏക്കർ റീസൈക്കിൾ ഉൽപന്നങ്ങൾക്കും വേണ്ടി നീക്കിവച്ചിരിക്കുന്നു. കൂടാതെ, 134.4 ഏക്കർ റോഡുകൾക്കും 64.76 ഏക്കർ പാർപ്പിട ആവശ്യങ്ങൾക്കും 27 ഏക്കർ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾക്കും 12.48 ഏക്കർ വാണിജ്യ ആവശ്യങ്ങൾക്കും വേണ്ടിയാണ് മാറ്റി വച്ചിരിക്കുന്നത്.<br><br>പുതുശ്ശേരി വെസ്റ്റിൽ ആകെ 240 ഏക്കറിൽ 130.19 ഏക്കർ ഭൂമി (54.25%) വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കും. ഇതിൽ 64.46 ഏക്കർ ഫുഡ്സ് & ബീവറേജസ് മേഖലയ്ക്കും, 52.94 ഏക്കർ ഫാബ്രിക്കേറ്റഡ് മെറ്റൽ ഉൽപ്പന്നങ്ങൾക്കും, 12.79 ഏക്കർ റീസൈക്കിൾ ചെയ്ത ഉൽപ്പന്നങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്നതാണ്. 34.39 ഏക്കറിലാണ് ആവശ്യമായ റോഡുകൾ നിർമ്മിക്കുക.<br><br>പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ ആകെ 313 ഏക്കറിൽ 169.67 ഏക്കർ ഭൂമി (54.21%) വ്യാവസായിക ആവശ്യങ്ങൾക്കും, ഇതിൽ 107.34 ഏക്കർ ഫുഡ്സ് & ബീവറേജസ് മേഖലയ്ക്കും, 20.1 ഏക്കർ നോൺ-മെറ്റാലിക് മിനറൽ ഉൽപന്നങ്ങൾക്കും, 30.67 ഏക്കർ റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്കും, 11.56 ഏക്കർ റീസൈക്കിൾ ഉൽപന്നങ്ങൾ എന്നിവയ്ക്കും വിനിയോഗിക്കും. കൂടാതെ, 40.38 ഏക്കർ റോഡുകൾക്കും, 4.66 ഏക്കർ പാർപ്പിട ആവശ്യങ്ങൾക്കും, 2.94 ഏക്കർ വാണിജ്യ ആവശ്യങ്ങൾക്കും, 4.72 ഏക്കർ അടിസ്ഥാന സൗകര്യങ്ങൾക്കും ഉപയോഗിക്കും. 20 ഏക്കർ ഭൂമി ആക്സസ് റോഡിനും, ലിങ്ക് റോഡിനും വേണ്ടി ഉപയോഗിക്കുന്നതാണ്.<br><br>പാലക്കാട് സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം പ്രത്യക്ഷമായി 27,981 പേർക്ക് പ്രസ്തുത ഇൻഡസ്ട്രിയൽ ഏരിയയിലും പരോക്ഷമായി 20,986 പേർക്കും ഉൾപ്പെടെ ആകെ 48697 തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം വ്യവസായ സംരംഭങ്ങളാണ് തുടങ്ങാൻ ആലോചിക്കുന്നതെന്നും അതിലൂടെ എത്രപേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) | (ബി)പിരിവിലെ മറുപടി ദയവായി കണ്ടാലും |

സെക്ഷൻ ഓഫീസർ